പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5804

25/05/2017 ൽ
മറുപടിയ്ക്ക്

## വാമനപുരം നിയോജക മണ്ഡലത്തിലെ വ്യവസായ വികസന പ്രവർത്തനങ്ങൾ

**ചോദ്യം**
**ശ്രീ.ഡി.കെ.മുരളി**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**( വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ സംരംഭകത്വ സഹായ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി,സംരംഭകത്വ ബോധവത്കരണ പരിപാടി എന്നീ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കാമോ ; | (ബി) | 1. സംരംഭകത്വ സഹായ പദ്ധതി പ്രകാരം 6 സംരംഭങ്ങൾക്കായി 8.78 ലക്ഷം രൂപ നിക്ഷേപസഹായമായി നൽകിയിട്ടുണ്ട്.<br>2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം രണ്ട് സംരംഭകർക്ക് 2.76 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>3. സംരംഭകത്വ ബോധവത്കരണ പരിപാടി മൂന്ന് വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു. ആയതിലേക്ക് 19800/- രൂപ ചെലവായിട്ടുണ്ട്. |
| (സി) | വാമനപുരം നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപന ങ്ങൾ ഉണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ